(ഡി) ഒൻപതാം പദ്ധതിക്കാലത്ത് ദേശീയതലത്തിൽ 6.5 ശതമാനം വളർച്ചാനിരക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 1997-98-ൽ വളർച്ചാനിരക്ക് 5 ശതമാനമായിരുന്നു. (1998-99-ലേതു ലഭ്യമായിട്ടില്ല).

വിദേശ സഹായം

6(6) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന് വിദേശരാജ്യങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ ; എങ്കിൽ എവിടെ നിന്നെല്ലാം ഏതൊക്കെ പദ്ധതികൾക്കാണ് സാമ്പത്തിക സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിദേശസഹായം ലഭിക്കുന്നുണ്ട് ; ഏതൊക്കെ പദ്ധതികൾക്ക് എന്ന് വിശദീകരിക്കാമോ ;

(സി) വിദേശ സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഏതൊക്കെ രാജ്യങ്ങളുമായും ഏജൻസികളുമായും ഇപ്പോൾ ചർച്ച നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരം സഹായം വാങ്ങുന്നതിനുള്ള സർക്കാരിന്റെ നിബന്ധനകളും നടപടി ക്രമങ്ങളും എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

എം. പി. ഫണ്ട് വിനിയോഗം

7(7) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എം. പി. ഫണ്ട് വിനിയോഗം വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിൽ എം. പി. ഫണ്ട് വിനിയോഗം ഇപ്പോൾ എത്ര ശതമാനമാണ് ;

(ഡി) കേരളത്തിലെ എം.പി.മാർ പ്രാദേശിക വികസന ഫണ്ടിൽ നിന്നും വളരെ കുറച്ചു മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ എന്ന് കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെടണമെന്ന് കാണിച്ചുകൊണ്ട് കേന്ദ്രമന്ത്രി മുഖ്യമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) വളരെ കുറച്ച് ഫണ്ട് ഉപയോഗിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുവാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളതായി അറിയാമോ ;

(എച്ച്) കേരളത്തിൽ അവലോകനയോഗം എന്നു നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഐ) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ജെ) എം.പി. ഫണ്ട് വിനിയോഗം കുറയുന്നത് സംസ്ഥാനത്തിന് നഷ്ടമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(കെ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(എൽ) കേരളത്തിലെ എം.പി.മാരുടെ അടുത്ത യോഗം എന്നാണ് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത് ;

(എം) ഈ യോഗത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ എം.പി. ഫണ്ട് വിനിയോഗം മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവല്ല.

(ബി) ബാധകമല്ല.

(സി) 1999 ഡിസംബർ മാസം 31 വരെയുള്ള കണക്കനുസരിച്ച് ഇത് 69 ശതമാനമാണ്.

(ഡി) ഇല്ല.

(ഇ&എഫ്) എം.പി.മാർ നിർദ്ദേശിക്കുന്ന പണികൾ കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര ആസൂത്രണ പദ്ധതി നിർവ്വാഹണ സഹമന്ത്രി മുഖ്യമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്.

(ജി) 60 ശതമാനത്തിൽ താഴെ മാത്രം ഫണ്ട് വിനിയോഗിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ കേന്ദ്രഗവൺമെന്റ് അവലോകന യോഗങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(എച്ച്) കേരളത്തിൽ വിനിയോഗം 69 ശതമാനമാണ്. കേരളത്തിൽ അവലോകനം നടത്തുവാൻ ഉദ്ദേശമുണ്ടോയെന്നും അങ്ങനെയായാൽ എന്നത്തേയ്ക്ക് നടത്തുമെന്നും അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പദ്ധതി നടത്തിപ്പിന്റെ പുരോഗതി ജില്ലാ കളക്ടർമാരുടെ വാർഷികയോഗത്തിൽ അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഉണ്ടായി. കൂടാതെ സംസ്ഥാന ഗവൺമെന്റും ആവശ്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരുന്നു.

(ജെ) തത്വത്തിൽ എം.പി. ഫണ്ട് വിനിയോഗം കുറയുന്നത് സംസ്ഥാനത്തിനു നഷ്ടമാണ്. എന്നാൽ കേരളത്തിലെ എം.പി. ഫണ്ട് വിനിയോഗം 69 ശതമാനമാണ്. ബാക്കി തുകയ്ക്കുള്ള പണികൾ പുരോഗമിച്ചു വരുന്നു.

(കെ) ഫണ്ടു വിനിയോഗം മെച്ചപ്പെടുത്തുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരുന്നു.

(എൽ) കേരളത്തിലെ എം.പി.മാരുടെ അടുത്ത യോഗം 17-2-2000-ൽ ആണ്.

(എം) ടി യോഗത്തിൽ പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല. ഫണ്ട് വിനിയോഗം പരമാവധി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്നു.

പ്ലാനിംഗ് ബോർഡിലെ പുനർ നിയമനം

8(8) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പ്ലാനിംഗ് ബോർഡ് അംഗങ്ങളിൽ ആരെങ്കിലും ഇക്കഴിഞ്ഞ പ്രാവശ്യം ലോകസഭയിലേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിൽ മത്സരിക്കുകയുണ്ടായോ ; എങ്കിൽ ആര് ;

(ബി) അതിനുവേണ്ടി അദ്ദേഹം എന്നാണ് പ്ലാനിംഗ് ബോർഡ് അംഗത്വം രാജിവച്ചത് ;

(സി) പ്രസ്തുത തെരഞ്ഞെടുപ്പു ഫലം എന്ന് പ്രഖ്യാപിക്കപ്പെട്ടു ;

(ഡി) അദ്ദേഹത്തിന് എന്ന് പ്ലാനിംഗ്ബോർഡിൽ പുനർനിയമനം നൽകപ്പെട്ടു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മത്സരിക്കുകയുണ്ടായി. ശ്രീ. ഇ. എം. ശ്രീധരൻ നമ്പൂതിരിപ്പാട്.

(ബി) വ്യക്തിപരമായ കാരണങ്ങളാൽ 31-7-1999 അപരാഹ്നം മുതൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗത്വം രാജിവയ്ക്കാൻ ശ്രീ. ഇ. എം. ശ്രീധരൻ നമ്പൂതിരിപ്പാട് സർക്കാരിന്റെ അനുവാദം തേടുകയുണ്ടായി. ഇതേത്തുടർന്ന്, പ്രസ്തുത തീയതി മുതൽ അദ്ദേഹത്തെ മുഴുവൻ സമയ അംഗത്വത്തിൽ നിന്നും ഒഴിവാക്കുകയും 1-8-1999 മുതൽ പാർട്ട് ടൈം അംഗമായി നിയമിക്കുകയും ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly